**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1142** **10-08-2023 - ൽ മറുപടിയ്ക്ക്**

**ജല അതോറിയിൽ ഉദ്യോഗസ്ഥ അഭാവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഉന്നത തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം നിലച്ചതിനാലും പൊതു സ്ഥലംമാറ്റം നടപ്പാക്കാത്തതിനാലും ജല അതോറിറ്റിയിൽ വിവിധ പദ്ധതികൾക്ക് നേതൃത്വം നൽകുവാൻ ഉദ്യോഗസ്ഥർ ഇല്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉന്നത തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം നിലച്ചതിനാലും പൊതു സ്ഥലംമാറ്റം നടപ്പാക്കാത്തതിനാലും ജല അതോറിറ്റിയിൽ വിവിധ പദ്ധതികൾക്ക് നേതൃത്വം നൽകുവാൻ ഉദ്യോഗസ്ഥർ ഇല്ലാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നില്ല.<br><br>2023 ലെ വിവിധ തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേക്ക് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിന് 20.12.2022 ൽ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുകയും സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം സ്ഥാനക്കയറ്റം നല്കിയിട്ടുള്ളതുമാണ്.<br><br>എന്നാൽ 31.05.2023 ൽ ചീഫ് എഞ്ചിനീയർമാരുടെ ഒഴിവു വന്നെങ്കിലും പ്രസ്തുത ഒഴിവുകളിലേക്കു നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ച സൂപ്രണ്ടിംഗ് എഞ്ചിനീരയർമാർ ഇല്ലായിരുന്നു.<br><br>നിരീക്ഷണകാലം പൂർത്തീകരിച്ചതിനുശേഷം 19.06.2023 ന് അഡ്ഹോക് DPC കൂടുകയും സെലക്ട് ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിൻ പ്രകാരം സ്ഥാനക്കയറ്റം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.<br><br>പൊതു സ്ഥലംമാറ്റത്തിന്റെ കരട് പട്ടിക 04.04.2022 ൽ പ്രസിദ്ധീകരിക്കുകയും അസിസ്റ്റന്റ് എൻജിനീയർ, ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1 എന്നീ തസ്തികകൾ ഒഴികെയുള്ള തസ്തികകളിലെ പൊതു സ്ഥലമാറ്റം നടപ്പിലാക്കി കഴിഞ്ഞു. ത്വരിത ഗതിയിൽ നടന്നുവരുന്ന ജലജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം പ്രസ്തുത തസ്തികകളിലെ പൊതു സ്ഥലം മാറ്റം നടപ്പിലാക്കുന്നതാണ്. |
| (ബി) | പ്രസ്തുത വകുപ്പിൽ നിലവിൽ ഏതൊക്കെ | (ബി) | വാട്ടർ അതോറിറ്റിയിൽ, ചീഫ് എൻജിനീയർ -നാല്, |

| | | | |
|---|---|---|---|
| | തസ്തികകളാണ് പ്രൊമോഷൻ നടക്കാത്തതിനാൽ ഒഴിഞ്ഞുകിടക്കുന്നത്; ചീഫ് എൻജിനീയർ, ഡെപ്യൂട്ടി ചീഫ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, അസിസ്റ്റന്റ് എൻജിനീയർ തസ്തികകളിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; വ്യക്തമാക്കാമോ; | | ഡെപ്യൂട്ടി ചീഫ് എൻജിനീയർ/ സൂപ്രണ്ടിംഗ് എൻജിനീയർ – 11, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ - 14, അസിസ്റ്റന്റ് എൻജിനീയർ - 84 എന്നീ തസ്തികകളിൽ ഒഴിവുകൾ ഉണ്ട്. |
| (സി) | ശുദ്ധജലവിതരണ പദ്ധതികളുടെ നിർവഹണ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ തസ്തികകൾ ഉൾപ്പെടെ ഒഴിഞ്ഞുകിടക്കുന്നത് ജല അതോറിറ്റിയുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നത് ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (സി) | 2023 ലെ വിവിധ തസ്തികകളിലെ പ്രതീക്ഷിത ഒഴിവുകളിലേയ്ക്ക് സെലക്ട് ലിസ്റ്റ് തയാറാക്കുന്നതിന് 20.12.2022 ഡിപ്പാർട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുകയും സെലക്ട് ലിസ്റ്റ് പ്രസ്ദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിൻ പ്രകാരം സ്ഥാനക്കയറ്റം നല്കിയിട്ടുള്ളതുമാണ്.<br><br>എന്നാൽ 31.05.2023 ൽ ചീഫ് എൻജിനീയർ മാരുടെ ഒഴിവ് വന്നെങ്കിലും പ്രസ്തുത ഒഴിവുകളിലേയ്ക്ക് നിരീക്ഷണ കാലം വിജയകരമായി പൂർത്തികരിച്ച സൂപ്രണ്ടിംഗ് എൻജിനീയർമാർ ഇല്ലായിരുന്നു.<br><br>നിരീക്ഷണ കാലം പൂർത്തികരിച്ചതിന് ശേഷം 19.06.2023ന് അഡ്ഹോക് DPC കൂടുകയും സെലക്ട് ലിസ്റ്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. അതിൻ പ്രകാരം സ്ഥാനക്കയറ്റം നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ തസ്തികയിലെ ഒഴിവുകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്നതിലേയ്ക്കായി ഡിപ്പാർട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി കൂടുകയും സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ WP(C) No. 5277/2022 എന്ന കേസ് ബഹു. കേരള ഹൈക്കോടതി തീർപ്പാകുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം നൽകാവുന്നതാണ്.<br><br>കേരള വാട്ടർ അതോറിറ്റിയിലെ അസ്സിസ്റ്റൻറ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ സമയ ബന്ധിതമായി PSCക്ക് റിപ്പോർട്ട് ചെയ്യുകയും PSC പരീക്ഷ കഴിഞ്ഞു ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. PSCയിൽ നിന്നും അഡ്വൈസ് ചെയ്യപ്പെടുന്ന മുറക്ക് KWAയിൽ അസ്സിസ്റ്റൻറ് എഞ്ചിനീയർമാരെ നിയമിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ